"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സി. സുധാകരനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2322/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 16/12/2020

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 19.11.2014-ലെ ഇ8(എസ് സി 47/2014/ടിഎസ്ആർ) 5890/2014 നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 31.12.2014-ലെ 15335/ഡി3/2014/വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 16.12.2015-ലെ 19/ഇപിബി3/2015/തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീ. സി. സുധാകരൻ സമർപ്പിച്ച 14.03.2016-ലെ പ്രതിവാദ പത്രിക

5 പഞ്ചായത്ത് ഡയറക്ടറുടെ 19.06.2019-ലെ PAN/1704/2019-D7(DP) നമ്പർ കത്ത്

**ഉത്തരവ്**

പദ്ധതി നിർവഹണത്തിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്തിൽ ആകസ്മിക പരിശോധന നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. വിജിലൻസ് കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പുത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരായ ശ്രീ. സി. സുധാകരനെതിരെ പരാമർശം (3) പ്രകാരം ലഘു ശിക്ഷക്കുള്ള കുറ്റപത്രവും, ശ്രീ. ജയകൃഷ്ണനെതിരെ കഠിന ശിക്ഷക്കുള്ള കുറ്റപത്രവും നൽകി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു. കുറ്റപത്രത്തിന് ശ്രീ. സുധാകരൻ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

പഞ്ചായത്തുകളിൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ സൂക്ഷിക്കണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും അത് സംബന്ധിച്ച രജിസ്റ്റർ പഞ്ചായത്തുകളിൽ ലഭ്യമായത് 2017-ൽ മാത്രമാണ് എന്നും അതുവരെ ഓരോ പഞ്ചായത്തിലും മനോധർമ്മം പോലെയാണ് രജിസ്റ്റർ സൂക്ഷിച്ചിരുന്നത് എന്നും കൂടാതെ പഞ്ചായത്തുകളിൽ അറ്റൻഡൻസ് രജിസ്റ്റർ, ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ എന്നിവ ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലാർക്ക് എന്നിവരുടെ ഉത്തരവാദിത്തത്തിലാണ് എന്നും അതിനാൽ ഇതിന്റെ ദൈനംദിന മേൽനോട്ടം വഹിക്കുകയെന്നത് ധാരാളം ഉത്തരവാദിത്തമുള്ള സെക്രട്ടറിയെ സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ടുള്ള കാര്യമാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിജിലൻസ് ബോധവൽക്കരണ ബോർഡ് പ്രദർശിപ്പിക്കണമെന്ന നിർദ്ദേശം കാലങ്ങളായി നിലനിൽക്കുന്നതും സർക്കാർ ഓഫീസുകൾ കൃത്യമായി പാലിച്ചു പോരുന്നതുമാണ് എന്നും ഫ്രണ്ട് ഓഫീസ് പൊളിച്ചു മാറ്റിയതിനാൽ ഫ്രണ്ട് ഓഫീസിനു മുന്നിൽ സ്ഥാപിച്ചിരുന്ന ബോർഡുകൾ സ്ഥല സൗകര്യം ഇല്ലാതിരുന്നതിനാൽ താൽക്കാലികമായി മാറ്റി സ്ഥാപിച്ചതിനാലാണ് പ്രസ്തുത ബോർഡുകൾ കാണാൻ സാധിക്കാതിരുന്നതെന്നും അന്വേഷണത്തിൽ പ്രസ്തുത ബോർഡ് എവിടെ എന്ന് പരിശോധന വേളയിൽ ചോദിച്ചിരുന്നുവെങ്കിൽ കാണിച്ചു കൊടുക്കാൻ കഴിയുമായിരുന്നുവെന്നാണ് സെക്രട്ടറി അറിയിച്ചതെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സേവനാവകാശം നിലവിൽ വന്നശേഷം എല്ലാ പഞ്ചായത്തുകളും തൽസംബന്ധമായ വിവരങ്ങൾ അടങ്ങിയ വലിയ ബോർഡുകൾ പഞ്ചായത്തുകളിൽ സ്ഥാപിക്കുകയുണ്ടായിട്ടുണ്ടെന്നും പഞ്ചായത്ത് ഓഫീസ് നവീകരണത്തിനായി

മുൻഭാഗത്ത് ഫ്രണ്ട് ഓഫീസ് പൊളിച്ചപ്പോൾ ബോർഡ് മാറ്റിയതാണെന്ന് വിശദീകരിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഓഫീസിൽ പൊതു ജനങ്ങളുടെ അറിവിലേക്കായി വിവരാവകാശം, സേവനവകാശം, ജനന-മരണ രജിസ്ട്രേഷൻ, പൊതു വിവാഹ രജിസ്ട്രേഷൻ, ശിശുക്കളുടെ ജനനം, തൊഴിലുറപ്പ പദ്ധതി, ഓംബുഡ്സ്മാൻ, ട്രിബ്യൂണൽ, ഹാജർ, പഞ്ചായത് കമ്മറ്റി, സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങൾ തുടങ്ങി നിരവധി ബോർഡുകൾ ഉള്ളതിനാലാകം ആശയക്കുഴപ്പം ഉണ്ടായത് എന്നും കുറ്റാരോപണങ്ങൾ സംബന്ധിച്ച് സെക്രട്ടറിയുടെ വാദങ്ങൾ മുഖവിലക്കെടുക്കാമെന്നും മേൽ സാഹചര്യത്തിൽ ടിയാനെ തുടർനടപടിയിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ശ്രീ. സുധാകരൻ സമർപ്പിച്ച പ്രതിവാദ പത്രികയുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയ ആരോപണങ്ങളിന്മേൽ സെക്രട്ടറിയായ ശ്രീ. സുധാകരന്റെ ഭാഗത്തുനിന്നും ഉത്തരവാദിത്വ കുറവുണ്ടായതായി കണക്കാക്കുവാൻ കഴിയാത്തതിനാൽ പുത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. സി. സുധാകരനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പുത്തൂർ ഗ്രാമപഞ്ചായത്തിലെ സെക്രട്ടറി ശ്രീ. ജയകൃഷ്ണനെതിരായ അച്ചടക്ക നടപടി, നടപടിക്രമങ്ങൾ പാലിച്ച് പിന്നീട് തീർപ്പാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്

1. ശ്രീ. സി. സുധാകരൻ, മുൻ സെക്രട്ടറി, പുത്തൂർ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) /(ആഡിറ്റ്) , കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. വിജിലൻസ് (ഡി) വകുപ്പ് (യു.ഒ. റിമാർക്സ് നം.ഡി3/411/2019-വിജി. തീയതി 10.08.2020 പ്രകാരം)
8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/19/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by SUDHEER S S
Date: 2020.12.17 12:28:11 IST
Reason: Approved

സെക്ഷൻ ഓഫീസർ